ദേശാഭിമാനി | TVM | 2014 ജനുവരി 26 ഞായര്‍

# ചിട്ടി രജിസ്ട്രേഷന്‍ ഫീസ് കൂട്ടി; കെഎസ്എഫ്ഇക്ക് കനത്ത സാമ്പത്തികഭാരം

തിരു: കേരള സര്‍ക്കാര്‍ ചിട്ടി രജിസ്ട്രേഷന്‍ ഫീസ് കുത്തനെ വര്‍ധിപ്പിച്ചത് കേരള സര്‍ക്കാരിന്റെ പരിപൂര്‍ണ ഉടമസ്ഥതയിലുള്ള കെഎസ്എഫ്ഇയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്ന് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷന്‍ (സിഐടിയു) സംസ്ഥാന പ്രസിഡന്റ് എ കെ ബാലന്‍ എംഎല്‍എ, കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയന്‍ സംസ്ഥാന പ്രസിഡന്റ് കെ എന്‍ ബാലഗോപാല്‍ എംപി എന്നിവര്‍ പ്രസ്താവനയില്‍ പറഞ്ഞു.

നിലവില്‍ നല്‍കിക്കൊണ്ടിരിക്കുന്ന ഫീസിനങ്ങളില്‍ പത്തിരട്ടിയിലേറെ വര്‍ധനയാണ് വരുത്തിയിരിക്കുന്നത്. ഇത് സ്ഥാപനത്തിന്റെ ലാഭത്തില്‍ വന്‍ ഇടിവുണ്ടാകാന്‍ ഇടയാക്കും. സര്‍വീസ് ചാര്‍ജ്, ഗ്യാരന്റി കമീഷന്‍, ഡിവിഡന്റ് എന്നീ ഇനങ്ങളിലായി കഴിഞ്ഞ സാമ്പത്തികവര്‍ഷം മാത്രം 84കോടി രൂപ കെഎസ്എഫ്ഇ നേരിട്ട് കേരള സര്‍ക്കാരിന് നല്‍കിക്കഴിഞ്ഞു. കൂടാതെ ആദായനികുതി, സര്‍വീസ് ചാര്‍ജ് ഇനങ്ങളിലും കോടിക്കണക്കിന് രൂപ കേന്ദ്ര ഖജനാവിലേക്കും സ്ഥാപനം നല്‍കിവരുന്നു. ചിട്ടി രജിസ്ട്രേഷന്‍ ഇനങ്ങളില്‍ തന്നെ സ്റ്റാമ്പ് ചാര്‍ജായും മറ്റും കോടിക്കണക്കിന് തുക സര്‍ക്കാര്‍ ഖജനാവിലേക്ക് കെഎസ്എഫ്ഇ നല്‍കുന്നുണ്ട്.

കേന്ദ്ര ചിട്ടി നിയമം നടപ്പായതോടെ സ്ഥാപനത്തിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന ഇളവുകളും സംരക്ഷണവും ഇല്ലാതായി. കെഎസ്എഫ്ഇ ശാഖ ചിട്ടി ആരംഭിക്കണമെങ്കില്‍ സര്‍ക്കാരിന്റെ മുന്‍കൂര്‍ അനുമതി വാങ്ങണം. ചിട്ടി സെക്യൂരിറ്റി നിക്ഷേപമായി 400 കോടിയിലേറെ രൂപ ട്രഷറിയില്‍ നിക്ഷേപിച്ചതിന് കഴിഞ്ഞ രണ്ടുവര്‍ഷമായി സര്‍ക്കാര്‍ പലിശപോലും നല്‍കുന്നില്ല. ഇടപാടുകാരുടെ നിക്ഷേപങ്ങള്‍ക്ക് പൂര്‍ണ സുരക്ഷിതത്വം നല്‍കുന്നതിനാണ് സ്ഥാപനത്തിന് ഇളവുകള്‍ നല്‍കിവന്നത്. ചിട്ടി രജിസ്ട്രേഷന്‍ ഫീസിനത്തിലും ഫയലിങ് ചാര്‍ജ് ഇനത്തിലും വര്‍ധിപ്പിച്ച ഫീസ് ഉടന്‍ പിന്‍വലിക്കണമെന്നും കെഎസ്എഫ്ഇക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന സംരക്ഷണവും ഇളവുകളും പുനഃസ്ഥാപിക്കണമെന്നും പ്രസ്താവനയില്‍ ആവശ്യപ്പെട്ടു.